**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*309** **14.03.2017-ൽ മറുപടിക്ക്**

**<u>പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടില്ല. |
| (ബി) പോലീസുദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിൽ അതോറിറ്റി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) സംസ്ഥാന പോലീസിലെ പോലീസ് സൂപ്രണ്ട് തസ്തിക മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ച പരാതികൾ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിലും, അതിനു താഴെയുള്ള ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളും പരിഗണിച്ചു വരുന്നു. എന്നിരുന്നാലും കുറ്റകൃത്യത്തിന്റെ ഗൗരവം പരിഗണിച്ച് പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ തസ്തികഭേദമന്യേ പരിഗണിക്കാൻ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയ്ക്ക് അധികാരമുണ്ട്. പരാതികളിന്മേൽ കാലതാമസം കൂടാതെ പരാതിക്കാരെയും എതിർകക്ഷികളേയും സംഭവുമായി ബന്ധപ്പെട്ട സാക്ഷികളേയും നോട്ടീസുകൊടുത്ത് വിളിച്ചുവരുത്തി, മൊഴി രേഖപ്പെടുത്തിയും മറ്റ് |

| | |
|---|---|
| | രേഖാപരമായ തെളിവുകളുടേയും അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ശുപാർശകളാണ് അതോറിറ്റി ചെയ്തുവരുന്നത്. |
| (സി) പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സമർപ്പിച്ച റിപ്പോർട്ടുകളും അവയിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കുമോ? | (സി) 2012 മുതൽ ഫെബ്രുവരി 2017 വരെ ലഭിച്ച പരാതികളിൽ ആകെ 97 കേസുകളിൽ നടപടിക്ക് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശകളിൻമേൽ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്ന കേസുകളിൽ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികളും, മറ്റ് നിയമ നടപടികളും ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**